തലശ്ശേരി ഡിവിഷന്റെ കീഴിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

209 [261] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ തലശ്ശേരി ഡിവിഷനു കീഴിലുള്ള മുട്ടുങ്ങൽ മേജർ സെക്ഷനതിർത്തിയിലെ കുന്നുമ്മക്കര, നെല്ലാച്ചേരി, തട്ടോളിക്കര ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 11.3 കി. മീ. 11 കെ. വി. ലൈൻ വലിക്കുന്നതിനും ഒരു 63 കെ. വി. എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും വേണ്ടി 56,110 രൂപ അടങ്കൽ വരുന്ന ജോലിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കഴിവതും വേഗം പണി പൂർത്തിയാക്കുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

Electric Connections

210 [262] **Dr. A. Subba Rao :** Will the Minister for Electricity be pleased to State :

(a) How many E.H.T., H.T. & L.T. connections were given for the Industrial and Commercial Units respectively during the year 1982-83, 1983-84, 1984-85, 1985-86;

(b) How many Small Scale Units were given Electric connections since this Government assumed office (Year-wise)?

Answer

(a)

Year	E.H.T.		H.T.		L.T.	
	Industrial	Commercial	Industrial	Commercial	Industrial	Commercial
	Nos.	Nos.	Nos.	Nos.	Nos.	Nos.
1982-83	..	..	1	..	1832	21317
1983-84	4	..	16	2	1595	9991
1984-85	1	..	10	3	2618	9107
1985-86	1	..	14	5	2641	21302
Total	6	..	41	10	8686	61717

LIBRARY ARCHIVES Kerala Legislative Assembly

(b)	1982-83	1832 Nos.
	1983-84	1595 ,,
	1984-85	2618 ,,
	1985-86	2641 ,,
Total		8686 Nos.

സീതത്തോട്—ആങ്ങമൂഴി വൈദ്യുതി ലൈൻ

211 [263] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ റാന്നി സബ്ഡിവിഷനിൽപ്പെട്ട സീതത്തോട്, ആങ്ങമൂഴി വൈദ്യുതി ലൈൻ നീട്ടുന്നതിനുള്ള ടെണ്ടർ കൊടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് എഗ്രിമെന്റ് വച്ചതെന്നു വെളിപ്പെടുത്താമോ ;

(സി) എഗ്രിമെന്റ് അടിസ്ഥാനത്തിൽ അവിടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10-10-1986.

(സി) 1-11-1986 മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങത്തക്ക വിധത്തിൽ വേണ്ട സാധന സാമഗ്രികളും മറ്റും സമാഹരിച്ചുകൊണ്ടിരിക്കുന്നു.

അഞ്ചരക്കണ്ടി-ചോരയാംകുണ്ട് പ്രദേശത്ത് വൈദ്യുതി കണക്ഷൻ

212 [264] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചക്കരക്കൽ സെക്ഷനു കീഴിൽ അഞ്ചരക്കണ്ടി ചോരയാംകുണ്ട് പ്രദേശത്തെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനു് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എപ്പോഴാണ് അത് ലഭിച്ചത് ;

(സി) പ്രസ്തുത അപേക്ഷയിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഡി) ഔദ്യോഗിക സാങ്കേതിക നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് പ്രസ്തുത കണക്ഷൻ നൽകാൻ കഴിയും ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1981-ൽ ലഭിച്ച അപേക്ഷകളുണ്ട്.

(സി) എസ്റ്റിമേറിനു ഭരണാനുമതി നല്കി ഉപഭോക്താക്കൾ മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് സമർപ്പിച്ചിട്ടുണ്ട്.

(ഡി) മുൻഗണനാക്രമം അനുസരിച്ചു കഴിയുന്നതും വേഗം പണി പൂർത്തീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly